അശ്വിൻകുമാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസ്

49 [3745] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മാർച്ച് 10-ന് കണ്ണൂരിലെ പുന്നാട്ട് അശ്വിൻകുമാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് പ്രതികളാണെന്ന് സംശയിക്കുന്ന എത്ര പേരുടെ പേരിൽ കേസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രതികളായിട്ടുള്ളവർ ഏതു വിഭാഗത്തിൽപ്പെട്ടവരാണെന്ന് വെളിപ്പെടുത്താമോ;

(സി) കൊലപാതകത്തെത്തുടർന്ന് ജില്ലയിലെ ഏതെല്ലാം പ്രദേശത്ത് സംഘട്ടനങ്ങളും സംഘർഷങ്ങളും ഉണ്ടായെന്ന് വ്യക്തമാക്കാമോ;

(ഡി) പെരിങ്ങളം നിയോജകമണ്ഡലത്തിലും സംഘർഷങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പെരിങ്ങളം മണ്ഡലത്തിൽ സംഘർഷത്തിനിരയായവർക്കും നാശനഷ്ടങ്ങൾ ഉണ്ടായവർക്കും നഷ്ടപരിഹാരം നൽകാൻ ആരെല്ലാം നിവേദനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ നിവേദനത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അശ്വിൻകുമാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിൽ പ്രതികളെപ്പറ്റി വ്യക്തമായ സൂചന ലഭിച്ചിട്ടില്ലാത്തതിനാൽ ആരെയും പ്രതിയാക്കിയിട്ടില്ല.

(ബി) അന്വേഷണത്തിൽ പ്രതികൾ മുസ്ലീം തീവ്രവാദ സംഘടനയായ എൻ.ഡി.എഫിൽപ്പെട്ടവരാണെന്ന് സംശയിക്കുന്നു.

(സി) കണ്ണൂർ ജില്ലയിൽ ധർമ്മടം, പേരാവൂർ, മട്ടന്നൂർ, കണ്ണവം, ചൊക്കിളി, പാനൂർ, ഇരിട്ടി എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽപ്പെട്ട ചില സ്ഥലങ്ങളിൽ അനിഷ്ട സംഭവങ്ങളുണ്ടായിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇക്കാര്യത്തിന് പെരിങ്ങളം എം.എൽ.എ. ശ്രീ. കെ. പി. മോഹനൻ നിവേദനം നൽകിയിരുന്നു.

(എഫ്) മേൽസംഭവത്തോടനുബന്ധിച്ച് ജീവഹാനി സംഭവിച്ചവർക്കും ആശുപത്രിയിൽ ചികിത്സയിലുള്ളവർക്കും, വസ്തുവകകൾക്ക് നഷ്ടം സംഭവിച്ചവർക്കും ധനസഹായം നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചു. പ്രതിപക്ഷവുമായി ആലോചിച്ചശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

GPM. 2/256/2012—13

LIBRARY ARCHIVES Kerala Legislative Assembly